31– 14905 /19

# പരിശോധനാ റിപ്പോർട്ട്

## ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, മാവേലിക്കര

## ആലപ്പുഴ ജില്ല

| | | |
|---|---|---|
| പരിശോധനാ കാലയളവ് | : | 01.04.2016 മുതൽ 31.03.2018 വരെ |
| പരിശോധനാ തീയതി | : | 17.06.2019 മുതൽ 22.06.2019 വരെ |
| പരിശോധനാ വിഭാഗം | : | ഫിനാൻസ് ഡി ആഡിറ്റ് സെക്ഷൻ |
| | : | കെ. എസ്. സുദർശനൻ ആചാരി (സീനിയർ സൂപ്രണ്ട്) |
| | : | എം. എ. നിദീഷ് (സീനിയർ ക്ലാർക്ക്) |

### പരിശോധനാകാലയളവിൽ പട്ടികജാതിവികസന ഓഫീസർമാർമാരായി പ്രവർത്തിച്ചവരുടെ പേരു വിവരവും കാലയളവും

| ക്രമ നം | പേര് | കാലയളവ് | പെൻ നമ്പർ | അഭിപ്രായം |
|---|---|---|---|---|
| 1 | ശ്രീമതി. പി. ഉഷാദേവി | 01.12.2012 മുതൽ 01.08.2016 വരെ | 226841 | വിരമിച്ചു |
| 2 | ശ്രീമതി. മായാഗോപി ദാസ് | 02.08.2016 മുതൽ 03.07.2017 വരെ | 226844 | |
| 3 | ശ്രീ. ജി. ആർ. രാജേഷ് | 03.07.2017 മുതൽ 12.07.2017 വരെ | - | അധിക ചുമതല |
| 4 | ശ്രീമതി. മിനി. ആർ | 12.07.2017 മുതൽ 24.07.2017 വരെ | - | അധിക ചുമതല |
| 5 | ശ്രീമതി. മായാഗോപി ദാസ് | 24.07.2017 മുതൽ 19.09.2017 വരെ | 226844 | |
| 6 | ശ്രീമതി. ഡി. ജലജ | 20.09.2017 മുതൽ 27.09.2017 വരെ | | അധിക ചുമതല |
| 7 | ശ്രീ. ആർ. രാജേഷ് | 27.09.2017 മുതൽ 31.01.2018 വരെ | 226849 | |
| 8 | ശ്രീമതി. ഡി. ജലജ | 31.01.2018 മുതൽ 28.02.2018 വരെ | | അധിക ചുമതല |
| 9 | ശ്രീ. ആർ. രാജേഷ് | 01.03.2018 മുതൽ തുടരുന്നു | 226849 | |

ഭാഗം I

## ആമുഖം

**(എ) സ്ഥിതി വിവരം :**

മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ മാവേലിക്കര തെക്കേക്കര, ചെട്ടികുളങ്ങര, ചെന്നിത്തല തൃപ്പെരുംതറ, തഴക്കര, മാന്നാർ എന്നീ അഞ്ചു ഗ്രാമപഞ്ചായത്തുകളുണ്ട്. മാവേലിക്കര നഗര സഭയും മാവേലിക്കര ബ്ലോക്ക് പട്ടികജാതി വികസന ആഫീസറുടെ അധികാര പരിധിയിൽ ഉണ്ട്. ഗ്രാമ പഞ്ചായത്തുകളിലെ 177 സങ്കേതങ്ങളിലെ 2055 കുടുംബങ്ങളിൽ 8842 പേരാണു താമസിക്കുന്നത്. ഇവിരൽ 4329 പേർ പുരുഷൻമാരും 4513 പേർ സ്ത്രീകളുമാണ്. പഞ്ചായത്തുകളിലെ 2910 ഒറ്റപ്പെട്ട കുടുംബങ്ങളിൽ 12704 പേർ താമസിക്കുന്നതിൽ 6190 പേർ പുരുഷൻമാരും 6514 പേർ സ്ത്രീകളുമാണ്. സങ്കേതങ്ങളിലും ഒറ്റപ്പെട്ടു താമസിക്കുന്നവരുമായി ആകെ കുടുംബങ്ങളുടെ എണ്ണം 4965 -ഉം ജനസംഖ്യ 21546 -ഉം ആണ്.

മാവേലിക്കര നഗരസഭ പരിധിയിൽ സങ്കേതങ്ങളിലെ 252 കുടുംബങ്ങളും ഒറ്റപ്പെട്ടതായി 201 കുടുംബങ്ങളും ഉൾപ്പെടെ ആകെ 453 കുടുംബങ്ങളിലായി ആകെ ജനസംഖ്യ 2047 ആണ്. ഇതിൽ 1030 പേരു പുരുഷൻമാരും 1017 പേർ സ്ത്രീകളുമാണ്. ഈ ആഫീസിന്റെ പരിധിയിൽ 305 കുടുംബങ്ങൾ ഭൂരഹിത ഭവന രഹിതരും 434 കുടുംബങ്ങൾ ഭവന രഹിതരുമാണ്. വൈദ്യുതിയും കുടിവെള്ളവും എല്ലാ പ്രദേശങ്ങളിലും ലഭ്യമായിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാരിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ ദിവസ വേതനാടിസ്ഥാനത്തിൽ തൊഴിൽ ചെയ്യുന്നവരും മറ്റു അസംഘടിത മേഖലകളിൽ തൊഴിൽ എടുക്കുന്നവരുമാണ്.

**(ബി) വകുപ്പുതല പരിശോധന:**

01.12.2012 മുതൽ 31.03.2015 വരെയുള്ള കാലയളവിലെ പരിശോധന 14.06.2016 മുതൽ 17.06.2016 വരെയുള്ള തീയതികളിൽ 'ഫിൻ-ഇ' വിഭാഗം നടത്തി 18.04.2017 -ലെ ഫിൻ. ബി1-8501/17 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയിരുന്നു. ആമുഖ കത്തിൽ 31.03.2015 വരെ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ള തെങ്കിലും 31.03.2016 വരെയുള്ള കാലയളവിലെ കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. അതു കൊണ്ട് 01.04.2016 മുതലുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്.

പരിശോധാ കുറിപ്പിനു മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ അവശേഷിക്കുന്ന ഖണ്ഡികകളായി ഡയറക്ടറേറ്റിലെ 21.11.2018 -ലെ ഫിൻ ബി1-8501/17 കത്തു പ്രകാരം അറിയിച്ചിരുന്നു. ഭാഗം III -ലെ വിദ്യാഭ്യാസ പദ്ധതികൾ, ഭാഗം IV -ലെ വിവിധ പദ്ധതികൾ, ഭാഗം V രജിസ്റ്ററുകൾ എന്നിവയ്ക്ക് 28.07.18 -ൽ ജില്ലാ പട്ടികജാതി വികസന ആഫീസർ മുഖേന മറുപടി സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. മറുപടി അംഗീകരിച്ചു ലഭിച്ചിട്ടില്ല. ടി റിപ്പോർട്ടിന്റെ നിജസ്ഥിതി അറിയിക്കേണ്ടതാണ്.

വിവിധ കാലയളവിലെ പരിശോധനാ കുറിപ്പുകളും കത്തുകളും ഒറ്റ ഫയലായി സൂക്ഷിച്ചിരിക്കുന്നു. വിവിധ കാലയളവിലെ പരിശോധനാ കുറിപ്പുകൾ പ്രത്യേകം ഫയലുകളാക്കി സൂക്ഷിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**(സി) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന:**

01.07.2013 മുതൽ 31.07.2015 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിൽ അവശേഷിക്കുന്നതായി 05.01.2018 -ലെ OA(HQ)IV/II/12-100 2015-16 പ്രകാരം അറിയിച്ചിരുന്ന ഭവന നിർമ്മാണം, ടോയ്‌ലറ്റ് നിർമ്മാണം എന്നീ ഖണ്ഡികകൾക്ക് 16.01.19 -ലെ 179/13(3/3) പ്രകാരം ജില്ലാ പട്ടികജാതി വികസന ആഫീസർ മുഖേന മറുപടി ലഭ്യമാക്കിയതായി കാണുന്നു. മറുപടി അംഗീകരിച്ചു ലഭിച്ചതു സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

ഭാഗം II

## I. ക്യാഷ്ബുക്ക്/ബിൽ ബുക്ക്

1. താഴെ പറയുന്ന ബിൽ പ്രകാരമുള്ള തുകകൾ ക്യാഷ്ബുക്കിൽ വരവ് ചേർത്തിട്ടുള്ളതായി കാണുന്നില്ല.

| | ബിൽ നം. | തീയതി | തുക |
|---|---|---|---|
| a | EPB-20/16-17 | 25/11/2016 | 33,788/- |
| b | CB-47/SCP/17-18 | 13/12/2017 | 56,000/- |
| c | EPB-20/16-17 | 13/12/2017 | 14,000/- |

മേൽ ബില്ലുകൾ ക്യാഷ്ബുക്കിൽ ചേർക്കാതിരിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2. CB No.110/17-18 പ്രകാരം 3,75,000/- രൂപയുടെ ബിൽ 20.03.18 -ന് ട്രഷറിയിൽ സമർപ്പിച്ചതായി കാണുന്നു. എന്നാൽ ട്രഷറി ഓഫീസർ 37,50,000/- എന്ന് രേഖപ്പെടുത്തി ഒപ്പിട്ടിരിക്കുന്നു. ട്രഷറി രേഖകളുമായി ഒത്തുനോക്കി വ്യക്തത വരുത്തേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## II. ബിൽ ഓഫീസ് കോപ്പി

1. CB No.136/foreign/17-18 പ്രകാരം 13,50,000/- രൂപയുടെ ബിൽ ഓഫീസ് കോപ്പി സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ബിൽ ബുക്കിൽ ടി തുക പാസ്സായിട്ടുള്ളതായി കാണുന്നില്ല. ടി ബിൽ പിന്നീട് മാറിയിട്ടുള്ളതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

## III. അക്വിറ്റൻസ് രജിസ്റ്റർ (വിവിധ പദ്ധതികൾ)

1. രജിസ്റ്ററിൽ ബിൽ നമ്പറിനോടൊപ്പം തുക മാറിയ തീയതി രേഖപ്പെടുത്തേണ്ടതാണ്.

2. 10.01.2018 -ന് ശേഷം രജിസ്റ്റർ പരിപാലിയ്ക്കുന്നതായി കാണുന്നില്ല. ബാങ്ക് മുഖേന ട്രാൻസാക്ഷൻ നടത്തുന്നതായ സാഹചര്യത്തിൽ 'Credit Confirmation Date'-യുടെ പ്രിന്റ് രജിസ്റ്ററിൽ പതിപ്പിച്ച് സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## IV. അക്വിറ്റൻസ് രജിസ്റ്റർ (ഭവന നിർമ്മാണം)

1. ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 22.06.16 തീയതിയിലെ ഉത്തരവ് നം. എ3-5777/16 പ്രകാരം ശ്രീ. ഓമനക്കുട്ടൻ, അറുന്നൂറ്റി മംഗലം എന്ന ഗുണഭോക്താവിന് 15.03.17 -ൽ ഭവന നിർമ്മാണത്തിനായി 15.03.17 -ൽ 45,000/- രൂപ അനുവദിയ്ക്കുകയും ടി തുക 04.02.18 -ൽ ചലാൻ നം. KL008476670201718 പ്രകാരം ട്രഷറിയിൽ തിരിച്ചടച്ചതായും കാണുന്നു. മേൽ പ്രകാരം തുക തിരിച്ചടയ്ക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## V. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

1. രജിസ്റ്ററിൽ ദ്വൈവാര ഭൗതിക പരിശോധന നടത്തി വരുന്നതായി കാണുന്നില്ല.

2. പരിശോധനാ തീയതിയിൽ 544/- രൂപയുടെ സ്റ്റാമ്പും 76/- രൂപയുടെ പോസ്റ്റൽ കാർഡും അവശേഷിക്കുന്നു. ആയത് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

## VI. ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

1. രജിസ്റ്റർ പരിപാലിച്ചു വരുന്നു. എന്നാൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. Art. 63 of KFC Vol. I പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി രജിസ്റ്റർ പരിപാലിയ്ക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## VII. ഫർണിച്ചർ രജിസ്റ്റർ

1. രജിസ്റ്റർ പരിപാലിച്ചു വരുന്നു. എന്നാൽ ഓഫീസ് മേധാവി വാർഷിക ഭൗതിക പരിശോധന നടത്തുന്നതായി കാണുന്നില്ല.

2. ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രത്യേകം പരിപാലിയ്ക്കേണ്ടതാണ്.

3. 2013-14 -ന് ശേഷം വകുപ്പ് തല പർച്ചേസ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ കാണുന്നില്ല.

ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## VIII. ചലാൻ ഫയൽ

1. ചലാൻ ഫയൽ പരിശോധിച്ചതിൽ പരിശോധനാ കാലയളവിൽ പട്ടികജാതി വികസന ആഫീസർ ട്രഷറിയിൽ തിരിച്ചടവ് നടത്തിയിട്ടില്ല. ഗുണഭോക്താക്കൾ നേരിട്ട് ട്രഷറിയിൽ തിരിച്ചടയ്ക്കുകയും ചലാനുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ സൂക്ഷിക്കുകയും ചെയ്ത് വരുന്നു.

2. 20.05.16 -ൽ (ചലാൻ നം. വ്യക്തമല്ല) ശ്രീമതി. ഉഷാ ഓമനക്കുട്ടൻ 11,250/- രൂപ ട്രഷറിയിൽ തിരിച്ചടച്ചതായി കാണുന്നു. ടി തുക തിരിച്ചടയ്ക്കുവാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

3. KL006752789201718 M ചലാൻ പ്രകാരം 11.10.17 -ന് ശ്രീമതി. ആനന്ദവല്ലി 7,500/- രൂപ തിരിച്ചടച്ചിരിക്കുന്നു. സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## ഭാഗം III

## പദ്ധതികൾ

### എ. ഭൂരഹിത പുനരധിവാസ പദ്ധതി

ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 2016-17, 2017-18 വർഷങ്ങളിൽ ആനുകൂല്യം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തദ്ദേശ സ്ഥാപനം | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 2016-17 | നഗരസഭ<br>ഗ്രാമപഞ്ചായത്തുകൾ | 4,50,000<br>3,00,000<br>3,75,000 | 4<br>1<br>28 | 18,00,000<br>3,00,000<br>1,05,00,000 |
| ആകെ | | | 33 | 1,26,00,000 |
| 2016-17 | നഗരസഭ<br>ഗ്രാമപഞ്ചായത്തുകൾ | 4,50,000<br>3,66,750<br>3,00,000<br>3,75,000 | 9<br>1<br>1<br>26 | 40,50,000<br>3,66,750<br>3,00,000<br>97,50,000 |
| ആകെ | | | 37 | 1,44,66,750 |

അപേക്ഷകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ന്യൂനതകൾ വിശദീകരണത്തിനായി ചുവടെ ചേർക്കുന്നു.

2016-17 വർഷത്തെ ചെട്ടികുളങ്ങര പഞ്ചായത്തിൽ നിന്നുള്ള ഗുണഭോക്താവായ ശ്രീമതി. കെ. മണി, കുന്നേൽത്തറയിൽ, പേള, ചെട്ടികുളങ്ങര എന്ന ഗുണഭോക്താവ് വാങ്ങിയ മാവേലിക്കര തെക്കേക്കര വില്ലേജിലെ സർവ്വേ 491/IB ബ്ലോക്ക് നം. 096 റീ സർവ്വേ 4/8/2 നമ്പരിലുള്ള ശ്രീമതി. രാധാ വിശ്വംഭരൻ, കൊട്ടാരം പറമ്പിൽ വക 3 സെന്റ് (1.21 ആർ) സ്ഥലം വാങ്ങിയതിനു 3,75,000/- രൂപ അനുവദിച്ചതായി കാണുന്നു. ഗ്രാമ

പഞ്ചായത്തിൽ നിന്നുമുള്ള ഗുണഭോക്താവിനു 5 സെന്റ് വസ്തു വാങ്ങിയാൽ മാത്രമാണ് 3,75,000/- രൂപ അനുവദിക്കാവുന്നത്. അല്ലാത്ത പക്ഷം സെന്റിനു പരമാവധി നൽകാവുന്നതു 75,000/- രൂപ നിരക്കു മാത്രമാണ്. അതിനാൽ അനുവദനീയമായ 2,25,000/- രൂപയ്ക്കു പകരം 3,75,000/- രൂപ അനുവദിച്ചതു പ്രകാരം 1,50,000/- രൂപ ക്രമ പ്രകാരമല്ലാതെ ചെലവഴിച്ചതായി കാണുന്നു. ഇക്കാര്യത്തിൽ കൃത്യമായ വിശദീകരണം സമർപ്പിക്കേണ്ടതാണ്.

ചുവടെ ചേർക്കുന്ന 2016-17 വർഷ ഗുണഭോക്താക്കളുടെ ഫോട്ടോ രജിസ്റ്ററിൽ പതിച്ചിട്ടില്ല.

1. ദിനിൽ കുമാർ. ഡി, കോടുതാഴെ കിഴക്കേതിൽ
2. ശ്രീ. പ്രശാന്ത്. കെ. പി, ഭക്തി വിലാസം, കുന്നം
3. ശ്രീ. എൻ. കെ. രാജപ്പൻ, മിഥുനം, വെട്ടിയാർ
4. ശ്രീ. സുനിൽ. ജി, നടുവിൽ തറയിൽ, കണ്ടിയൂർ

ന്യൂനത പരിഹരിക്കേണ്ടതാണ്. പരിശോധനാ കാലയളവിലെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്.

## ബി. ഭവന നിർമ്മാണ ധനസഹായം

ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2007-08 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ അനുവദിച്ച ഭവനങ്ങളുടെ നിലവിലുള്ള പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ചത് | പൂർത്തീകരിച്ചത് | ബാക്കി | പൂർത്തീകരിക്കാത്തവയുടെ ഘട്ടം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 115 | 109 | 6 | 4 | 1 | 1 |
| 2008-09 | 99 | 96 | 3 | 0 | 1 | 2 |
| 2009-10 | 66 | 60 | 6 | 2 | 2 | 2 |
| 2010-11 | 18 | 16 | 2 | 0 | 1 | 1 |
| 2011-12 | 6 | 6 | 0 | 0 | 0 | 0 |
| 2012-13 | 38 | 37 | 1 | 0 | 0 | 1 |
| 2013-14 | 45 | 43 | 2 | 0 | 2 | 0 |
| 2014-15 | 58 | 51 | 7 | 1 | 3 | 3 |
| 2015-16 | 59 | 51 | 8 | 0 | 4 | 4 |
| 2016-17 | 118 | 86 | 32 | 14 | 8 | 10 |
| 2017-18 | 89 | 50 | 39 | 14 | 12 | 13 |
| ആകെ | 711 | 605 | 106 | 35 | 34 | 37 |

പൂർത്തീകരിക്കുവാനുള്ളവ പൂർത്തീകരിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. പൂർത്തീകരിച്ചവയുടെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## സി. ഭവന പുനരുദ്ധാരണ പദ്ധതി

അഞ്ചു വർഷത്തിലധികം പഴക്കമുള്ളതും പുന:രുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കു 54 ഗുണഭോക്താക്കൾക്കു ധനസഹായം അനുവദിച്ചതിൽ 49 പേർ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു. 5 ഗുണഭോക്താക്കൾ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിപ്പിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## ഡി. ടോയ്‌ലറ്റ് നിർമ്മാണ പദ്ധതി (സ്പിൽ ഓവർ)

ഉപയോഗപ്രദമായ ടോയ്‌ലറ്റുകൾ ഇല്ലാത്ത ഗുണഭോക്താക്കൾക്കു സെപ്ടിക് ടാങ്കോടു കൂടിയ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനു 25,000/- രൂപ ക്രമത്തിൽ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം മുൻവർഷങ്ങളിൽ ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെ നിർമ്മാണം പൂർത്തീകരിച്ചതിനു 2016-17 വർഷം 2,72,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. **പൂർത്തീകരിച്ചവയുടെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.**

## ഇ. മിശ്രവിവാഹ ധനസഹായം

മിശ്രവിവാഹം മൂലം ക്ലേശങ്ങൾ അനുഭവിക്കുന്ന ദമ്പതിമാർക്ക് സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടു സാമ്പത്തിക ക്ലേശം ലഘൂകരിക്കുന്നതിനു ധനസഹായം നൽകുന്ന പദ്ധതി പ്രകാരം അനുവദിച്ച തുകയുടെ പരിശോധനാ കാലയളവിലെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | നിരക്ക് | അനുവദിച്ച തുക |
|---|---|---|---|
| 2016-17 | 14 | 50 | 7,00,000/- |
| 2017-18 | 17 | 4X75000=300000<br>13X50000=65000 | 9,50,000/- |

**പദ്ധതിയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.**

1. **തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ധനസഹായം അനുവദിയ്ക്കുന്നത് എന്നതിനാൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സംരംഭങ്ങളുടെ പദ്ധതി രേഖ അപേക്ഷയോടൊപ്പം ഹാജരാക്കുന്നില്ല.**
2. **ധനസഹായ തുക വിനിയോഗിച്ചു ദമ്പതിമാർ ഹാജരാക്കുന്ന രസീതുകളിൽ തുക നൽകിയതായി രേഖപ്പെടുത്തി ദമ്പതിമാർ ഒപ്പു വയ്ക്കുന്നില്ല.**
3. **ദമ്പതിമാരുടെ അക്കൗണ്ടിലേക്ക് ധനസഹായ തുക നൽകുമ്പോൾ ആയതിന്റെ രേഖകൾ രജിസ്റ്ററിൽ പതിച്ചു സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.**

## എഫ്. വിവാഹ ധനസഹായം

പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനു ധനസഹായം നൽകുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | നിരക്ക് | അനുവദിച്ച തുക |
|---|---|---|---|
| 2016-17 | 91 | 50,000 | 45,50,000 |
| 2017-18 | 100 | 43X50000=2150000<br>57X75000=4275000<br>6425000 | 64,25,000/- |

**പദ്ധതിയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന 2016-17 വർഷത്തെ ഗുണഭോക്താക്കളുടെ ഫോട്ടോ രജിസ്റ്ററിൽ പതിച്ചിട്ടില്ല.**

1. **ശ്രീമതി. കൃഷ്ണകുമാരി, കരുവേലിൽ, ചെന്നിത്തല**
2. **ശ്രീമതി. രഘു, മായാഭവനം, പുല്ലാരിമംഗലം**
3. **ശ്രീ. ശിവൻകുട്ടി, പുലതിട്ടേൽ**

## ജി. ചികിത്സാ ധനസഹായം

മാരകമായ രോഗങ്ങൾ ബാധിച്ച പാവപ്പെട്ട രോഗികളുടെ ചികിത്സയ്ക്കായി പരിശോധനാ കാലയളവിൽ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2016-17 | 172 | 2649500 |
| 2017-18 | 173 | 3119500 |

പരിശോധനാ കാലയളവിലെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**എച്ച്. സ്വയം തൊഴിൽ പദ്ധതി**

ബാങ്ക് വായ്പ ലഭ്യമാക്കി സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നവർക്ക് വായ്പ തുകയുടെ 33% സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി ഇനത്തിൽ അനുവദിച്ച തുക |
|---|---|---|
| 2016-17 | 11 | 798633 |
| 2017-18 | 6 | 411765 |

പരിശോധനാ കാലയളവിലെ പദ്ധതിയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ ഫോട്ടോ രജിസ്റ്ററിൽ പതിപ്പിച്ചിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

**2016-17**

1. ശ്രീ. കുട്ടൻ. മണലോടി കുന്നേൽ, പൊന്നാരംതോട്ടം

**2017-18**

1. ശ്രീ. സന്തോഷ്. ഡി, കണ്ടത്തിൽ പുത്തൻവീട്

**ഐ. പഠനമുറി നിർമ്മാണം**

മതിയായ സൗകര്യമില്ലാത്ത വീടുകളിലെ വിദ്യാർത്ഥികൾക്ക് വീടിനൊട് അനുബന്ധിച്ചു പഠനമുറി നിർമ്മിക്കുന്നതിനു 2,00,000/- രൂപ ക്രമത്തിൽ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2017-18 വർഷം 44 ഗുണഭോക്താക്കൾക്കു ധനസഹായം അനുവദിച്ചതിൽ 32 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചു. ശേഷിക്കുന്ന 12 ഗുണഭോക്താക്കളിൽ 11 പേർക്ക് മൂന്നാംഗഡു തുകയും ഒരാൾക്ക് രണ്ടാം ഗഡു തുകയും വിതരണം ചെയ്തിട്ടുണ്ട്. ആയതിലേക്ക് ആകെ 83,60,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. പൂർത്തീകരിച്ചവയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. പൂർത്തീരിക്കാത്തവയുടെ നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**ജെ. വാത്സല്യ നിധി**

പദ്ധതി പ്രകാരമുള്ള 26 അപേക്ഷകൾ അയച്ചിട്ടുണ്ട്. ക്രമ നം. 4 മുതൽ 26 വരെയുള്ള അപേക്ഷകളുടെ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

**കെ. വിദേശ തൊഴിൽ ധനസഹായം**

2016-17 വർഷം 2 ഗുണഭോക്താക്കൾക്കും 2017-18 വർഷം 28 ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. ടി ഇനത്തിൽ യഥാക്രമം 1,00,000/- രൂപയും 21,00,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചു വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എൽ. വിജ്ഞാൻവാടി

മാവേലിക്കര ബ്ലോക്ക്, നഗര സഭ പരിധിയിൽ നിലവിൽ അഞ്ചു വിജ്ഞാൻവാടി പ്രവർത്തിക്കുന്നുണ്ട്. മാവേലിക്കര നഗരസഭയിലെ ഉമ്പർനാടു കോളനിയിലെ വിജ്ഞാൻവാടി സാക്ഷരതാ കേന്ദ്രത്തോട് ചേർന്നാണ് പ്രവർത്തിക്കുന്നത്.

1. മാവേലിക്കര തെക്കേക്കര പഞ്ചായത്തിലെ ചൂർല്ലൂർ എൽ.ഐ.സി കോളനി
2. തഴക്കര പഞ്ചായത്തിലെ ചെറുമല കോളനി
3. മാന്നാർ പഞ്ചായത്തിലെ ചെപ്പഴത്തിൽ കോളനി
4. ചെന്നിത്തല - തൃപ്പെരുന്തുറ പഞ്ചായത്തിലെ കുറ്റിക്കാട്ടിൽ കോളനി എന്നിവിടങ്ങളിലെ വിജ്ഞാൻവാടി കെട്ടിടം കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മിച്ചതുമാണ്.

ചെന്നിത്തല തൃപ്പെരുന്തുറ ഇഞ്ചക്കതറ കോളനിയിലെ വിജ്ഞാൻവാടിക്കുള്ള കെട്ടിടത്തിന്റെ നിർമ്മാണം കെ.പി.എച്ച്.സി.സി പൂർത്തീകരിച്ചിട്ടുമുണ്ട്. ഈ വിജ്ഞാൻവാടിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

വിജ്ഞാൻവാടിയുടെ പ്രവർത്തനത്തിനുള്ള ചെലവുകൾക്കായി 2016-17 വർഷം 60,000/- രൂപയും 2017-18 വർഷം 40,903/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

കുടുംബത്തിലെ ഏകവരുമാനദായകന്റെ മരണാനന്തര ധനസഹായം

കുടുംബത്തിലെ ഏകവരുമാനദായകന്റെ മരണാനന്തര ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2017-18 വർഷം ഒരു ഗുണഭോക്താവിനു 50,000/- രൂപ ധനസഹായം അനുവദിച്ചു. വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എം. സ്വയംസംഘങ്ങൾക്കുള്ള ധനസഹായം

2016-17 വർഷം രണ്ടു സ്വയംസംഘങ്ങൾക്ക് 2,00,000/- രൂപ ധനസഹായം അനുവദിച്ചു. ടി സംഘങ്ങളുടെ നിലവിലെ പ്രവർത്തനം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## വിദ്യാഭ്യാസ പദ്ധതികൾ

എ. ലംപ്സംഗ്രാന്റ് വിതരണം

I മുതൽ X വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കു ലംപ്സംഗ്രാന്റ് നൽകുന്ന പദ്ധതി പ്രകാരം മാവേലിക്കര ബ്ലോക്ക് നഗരസഭാ പരിധിയിലുള്ള 98 സ്കൂളുകളിൽ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 2016-17 | 3249 | 22,41,450 |
| 2017-18 | 3286 | 22,48,140 |

രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പട്ടികജാതി വികസന ആഫീസർ പൂർണ്ണമായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

## ബി. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

I മുതൽ IV വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾ ഒരു അദ്ധ്യയന വർഷം 2,000/- രൂപ നൽകുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ മാവേലിക്കര ബ്ലോക്ക്, നഗരസഭാ പരിധിയിലെ സ്കൂളുകളിൽ വിതരണം ചെയ്ത തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ആനുകൂല്യം അനുവദിച്ച സ്കൂളുകളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|
| 2016-17 | 70 | 793 | 1586000 |
| 2017-18 | 70 | 815 | 1630000 |

രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## സി. സെക്കണ്ടറി എയ്ഡ്

V മുതൽ VIII വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾ ഒരു അദ്ധ്യയന വർഷം 2,000/- രൂപ നൽകുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ മാവേലിക്കര ബ്ലോക്ക്, നഗരസഭാ പരിധിയിലെ 40 സ്കൂളുകളിലെ 1396 വിദ്യാർത്ഥികൾക്കായി 27,92,000/- രൂപ വിതരണം ചെയ്തു. രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഡി. ശ്രീ അയ്യങ്കാളി മെമ്മോറിയൽ സ്കോളർഷിപ്പ്

ശ്രീ അയ്യങ്കാളി മെമ്മോറിയൽ സ്കോളർഷിപ്പ് പദ്ധതി പ്രകാരം 2016-17 വർഷം 25 വിദ്യാർത്ഥികൾക്കും ആനുകൂല്യം വിതരണം ചെയ്തു. ടി ഇനത്തിൽ 2016-17 വർഷം 1,13,500/- രൂപയും 2017-18 വർഷം, 1,15,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ അക്വിറ്റൻസ് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഗുണഭോക്തൃ രജിസ്റ്റർ കൂടി പദ്ധതിയുടെ പൂർണ്ണമായ വിവരങ്ങൾ ചേർത്തു തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## ഇ. ട്യൂഷൻ ഫീസ് - റീ ഇംബേഴ്സ്മെന്റ്

അംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിശ്ചിത നിരക്കിൽ ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ് ചെയ്തു നൽകുന്ന പദ്ധതി പ്രകാരം 2017-18 വർഷം 4 സ്ഥാപനങ്ങളിലെ 88 വിദ്യാർത്ഥികൾക്ക് 1,25,308/- രൂപ വിതരണം ചെയ്തതായി കാണുന്നു. സ്ഥാപനങ്ങളിൽ നിന്നും അക്വിറ്റൻസ് വാങ്ങി സൂക്ഷിച്ചതായി കാണുന്നില്ല. സ്ഥാപനങ്ങളിൽ അക്വിറ്റൻസ് വാങ്ങി സൂക്ഷിക്കേണ്ടതും പദ്ധതിയുടെ പൂർണ്ണവിവരങ്ങൾ ചേർത്തു ഗുണഭോക്തൃ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## എഫ്. പ്രത്യേക പ്രോത്സാഹന സമ്മാനം

പരീക്ഷകളിൽ ഉയർന്ന തലത്തിലുള്ള വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്ന പദ്ധതി പ്രകാരം മാവേലിക്കര ബ്ലോക്ക് നഗരസഭകളിൽ വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 2016-17 | 221 | 492000 |
| 2017-18 | 201 | 471500 |

2016-17 വർഷം അക്വിറ്റൻസ് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. 2017-18 വർഷം നിർദ്ദിഷ്ട രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകിയതിന്റെ രേഖകൾ രജിസ്റ്ററിൽ പതിച്ചു സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**ജി. പാരലൽ കോളേജ് വിദ്യാഭ്യാസം**

പാരലൽ കോളേജിൽ പഠിയ്ക്കുന്ന അർഹരായ പട്ടികജാതി, മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ ആനുകൂല്യ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം | വിതരണം ചെയ്ത തുക | മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|
| 2016-17 | 41 | 315193 | 17 | 92000 |
| 2017-18 | 26 | 113412 | ഇല്ല | ഇല്ല |

2016-17 വർഷത്തെ അക്വിറ്റൻസ് പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്ന തുകയുടെ രേഖകൾ രജിസ്റ്ററിൽ പതിച്ചു സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**എച്ച്. ഐ.ടി.ഐ വിദ്യാഭ്യാസം**

മാവേലിക്കര ബ്ലോക്ക്, നഗരസഭാ പരിധിയിലുള്ള 3 ഐ.റ്റി.ഐ -കളിലെ 15 പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് 2016-17 വർഷം 89,330/- രൂപയും 2017-18 വർഷം 34 പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് 2,10,016/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.

**മറ്റിനങ്ങൾ**

**എ. STSB അക്കൗണ്ടുകൾ**

**1. 70704140000166 സബ് ട്രഷറി മാവേലിക്കര**

ഈ അക്കൗണ്ടിൽ 31.03.2018 -ൽ 39,789/- രൂപയും പരിശോധനാ ദിവസം (20.06.2018 -ൽ) 5,784/- രൂപയും നീക്കി ബാക്കി ഉണ്ട്. ടി തുക വിജ്ഞാൻവാടിയുടെ ആവർത്തന ചെലവുകൾക്കു അനുവദിച്ച തുകയാണെന്നും അടുത്തുതന്നെ ചെലവഴിക്കാനുള്ളതാണെന്നു പട്ടികജാതി വികസന ആഫീസർ അറിയിച്ചു.

**2. 70704140000015 സബ് ട്രഷറി മാവേലിക്കര**

ഈ അക്കൗണ്ടിൽ 31.03.2018 -ൽ 6,500/- രൂപ നീക്കി ബാക്കി ഉണ്ടായിരുന്നു. നിലവിൽ ഈ അക്കൗണ്ടിൽ നീക്കി ബാക്കി ഇല്ല.

**ബി. പേബിൽസ് രജിസ്റ്റർ**

നിർദ്ദിഷ്ഠ രജിസ്റ്റർ പരിപാലിച്ചു വരുന്നു. ജി.പി.എഫ്, എസ്.എൽ.ഐ, ജി.ഐ.എസ്, എൻ.പി.എസ് എന്നിവ സംബന്ധിച്ച വിവരങ്ങൾ കൂടി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. മറ്റു പരാമർശങ്ങൾ ഇല്ല.

**സി. കണ്ടിജന്റ് ബിൽസ് രജിസ്റ്റർ**

പ്രതിമാസ ആഹാര വിതരണ രജിസ്റ്റർ പ്രസക്ത വിവരങ്ങൾ ഉൾപ്പെടുത്തി കണ്ടിജന്റ് ബിൽസ് രജിസ്റ്ററായി ഉപയോഗിച്ചു വരുന്നു. നിർദ്ദിഷ്ഠ രജിസ്റ്റർ ലഭ്യമാക്കി ഉപയോഗിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

**ഡി. പ്രൊമോട്ടേഴ്സ് വർക്ക് ഡയറി**

പരിശോധനാ കാലയളവിൽ പ്രൊമോട്ടർമാരുടെ വർക്കു ഡയറി പേപ്പറിൽ എഴുതി സൂക്ഷിച്ചിരുന്നു. നിലവിൽ നിർദ്ദേശാനുസരണം പ്രത്യേകം നോട്ടുബുക്കുകളിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട്.

**ഇ. സേവന പുസ്തകങ്ങൾ**

ആഫീസിൽ 2 സേവന പുസ്തകങ്ങൾ സൂക്ഷിച്ചിട്ടുണ്ട്.

1. ശ്രീമതി. അനിത കുമാരി
എൽ.ഡി. ക്ലാർക്ക്
പെൻ - 736378
2. ശ്രീ. ബാബു. എസ്
ഓഫീസ് അറ്റന്റന്റ്
പെൻ - 682 964

പ്രത്യേക പരാമർശമില്ല.

## പൊതു അഭിപ്രായം

മാവേലിക്കര ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ പ്രവർത്തനം തൃപ്തികരമാണ്. മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രത്യേക പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി വികസന ആഫീസിൽ ഒരു കാഷ്വൽ സ്വീപ്പറെ നിയമിക്കുന്നതിനും ആഫീസിന്റെ പ്രവർത്തനത്തിനു മെച്ചപ്പെട്ട സൗകര്യം ഒരുക്കുന്നതിനും ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസർ നടപടി സ്വീകരിക്കേണ്ടതാണ്.

ഡയറക്ടർക്കുവേണ്ടി
സീനിയർ ഫിനാൻസ് ഓഫീസർ

S 16.08.19